**Publication**: Mangalam
**Edition:** Kochi
**Date**: 30.9.2014
**Page:** 09
Headline: TCS IT Wiz Quiz contest on 14th

# ടി.സി.എസ്. ഐടി വിസ് ക്വിസ് മത്സരം 14–ന്

കൊച്ചി: പ്രമുഖ ഐടി സർവീസസ്, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടി.സി.എസ്) സംഘടിപ്പിക്കുന്ന ടി.സി.എസ്. ഐടി വിസ് ക്വിസ് മത്സരം 14–നു കലൂർ ഗോകുലം പാർക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ (പ്രീ യൂണിവേഴ്സിറ്റി വിദ്യാർഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്കു പങ്കെടുക്കാം. പ്രവേശന ഫീസ് ഇല്ല. രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽനിന്നു പത്തു ടീമിനുവരെ പങ്കെടുക്കാം. ഒക്ടോബർ പതിനൊന്നിനു മുമ്പായി കെ.എസ്. ധന്യ, ഐടി വിസ് കോർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽടി ടെക് പാർക് ലിമിറ്റഡ്, ഇൻഫോ പാർക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നൽകണമെന്ന് അധികൃതർ അറിയിച്ചു. ഫോൺ: 09847895551. എഴുത്തുപരീക്ഷയിൽ മുന്നിലെത്തുന്ന ആറു ടീമുകൾ മേഖലാ മത്സരത്തിനു യോഗ്യത നേടും. ഈ ടീമിനു ഡിസംബറിൽ നടക്കുന്ന മെഗാ ഫൈനൽ മത്സരത്തിൽ യു.എ.ഇ. ടീമിനൊപ്പം പങ്കെടുക്കാം.